ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചണുകളില് ഇന്ന് ഭക്ഷണം നൽകിയത് 12629 പേർക്ക്

ആലപ്പുഴ: കോവിഡ് 19ന്റെ പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തില് ആവശ്യമുള്ളവർക്ക് ഭക്ഷണം എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകള് വഴി ജില്ലയിലെ പഞ്ചായത്തുകളിൽ ശനിയാഴ്ച 10052 പേർക്ക് ഉച്ചഭക്ഷണം നൽകിയെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര് പി.എം.ഷഫീഖ് അറിയിച്ചു. ഇതിൽ 228 അതിഥി തൊഴിലാളികളും ഉൾപ്പെടും. 8417 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. നഗരസഭകളുടെ കീഴിൽ ജില്ലയില് 2577 പേർക്ക് ഉച്ചഭക്ഷണം നൽകിയതായി നഗരസഭകളിലെ കമ്മ്യൂണിറ്റി കിച്ചണുകളുടെ ചുമതലയുള്ള സി. പ്രേംജി അറിയിച്ചു. 1622 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. ഇതിൽ 89 അതിഥി തൊഴിലാളികളും ഉൾപ്പെടും.

--